**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2476** **12-10-2021 - ൽ മറുപടിയ്ക്ക്**

**കാക്കഞ്ചേരി കിൻഫ്ര ഫുഡ് പ്രോസസിംഗ് പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിലെ കാക്കഞ്ചേരി കിൻഫ്ര ഫുഡ് പ്രോസസിംഗ് പാർക്കിൽ നിലവിൽ എത്ര വ്യവസായ യൂണിറ്റുകളാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | മലപ്പുറം ജില്ലയിലെ കാക്കാഞ്ചേരി ഫുഡ് പ്രോസസിംഗ് പാർക്കിൽ മൊത്തം 88 യൂണിറ്റുകൾ പ്രവർത്തിക്കുന്നു. |
| (ബി) | പ്രസ്തുത പാർക്കിൽ നിലവിൽ എത്ര തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ടെന്നും തൊഴിൽ സാധ്യതയുള്ള പുതിയ യൂണിറ്റുകൾ ആരംഭിക്കുന്നുണ്ടോയെന്നും വ്യക്തമാക്കുമോ; | (ബി) | നിലവിൽ പാർക്കിൽ 1540 തൊഴിലാളികളാണ് ജോലി ചെയ്യുന്നത്.പ്രസ്തുത പാർക്കിൽ ഈയിടെ ഉദ്ഘാടനം നടത്തിയ ഒരു ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ബഹുനില ഫാക്ടറിയിലെ കെട്ടിട സമുച്ചയങ്ങളിൽ പുതിയ യൂണിറ്റുകൾ ആരംഭിക്കുമ്പോൾ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | 2019-20 കാലയളവിൽ പ്രസ്തുത പാർക്കിൽ എത്ര രൂപയുടെ നിക്ഷേപം നടത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ; | (സി) | ഈ കാലയളവിൽ സംരംഭകർ നൽകിയ പ്രോജക്ട് റിപ്പോർട്ടനുസരിച്ച് 1496 ലക്ഷം രൂപയുടെ നിക്ഷേപമാണ് വന്നിട്ടുള്ളത്. |
| (ഡി) | വ്യവസായ വകുപ്പിന് കീഴിൽ മലപ്പുറം ജില്ലയിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ? | (ഡി) | മലപ്പുറം ജില്ലയിലെ ഫുഡ് പ്രോസസിങ് പാർക്കിൽ നിലവിൽ കിൻഫ്രയ്ക്ക് പുതിയ പദ്ധതികളൊന്നും ഇല്ല . ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ മലപ്പുറം ജില്ലയിൽ നടപ്പ് സാമ്പത്തിക വർഷം 1080 സംരംഭങ്ങൾ MSME മേഖലയിൽ ആരംഭിക്കാൻ വിഭാവനം ചെയ്തിട്ടുണ്ട്.ഇതിനായി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന സംരംഭക സഹായ പദ്ധതി (ESS),പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി (PMEGP), നാനോ സംരംഭങ്ങൾക്കുള്ള മാർജിൻ മണി ഗ്രാന്റ് പദ്ധതി, PMFME തുടങ്ങിയ വിവിധ പദ്ധതികൾ മുഖാന്തരം സംരംഭകർക്ക് ആവശ്യമായ സഹായങ്ങളും ജില്ലയിലെ വ്യവസായ വികസന ഓഫീസർമാർ മുഖേന കൈത്താങ്ങ് സഹായങ്ങളും കൊടുക്കുന്നുണ്ട്. പുതിയ MSME യൂണിറ്റുകൾ ആരംഭിക്കുന്നതിനായി മലപ്പുറം ജില്ലയിൽ കൂടുതൽ സംരംഭകർ മുന്നോട്ട് വന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ